# മാതൃകാ ചോദ്യക്കടലാസ്സ് ഒന്നാം വർഷം ( +1 )
## മലയാളം

( സമയം 2 മണിക്കൂർ 30 മിനിറ്റ് ,
പരമാവധി 80 മാർക്ക് )

1. സമൂഹം എത്ര മാറിയാലും മനസ്സിൽ നന്മ സൂക്ഷിക്കുന്ന മനുഷ്യർ എന്നുമുണ്ടാകും. കള്ളൻ, ഭൂമിയിലെ മാലാഖമാർ എന്നീ പാഠഭാഗങ്ങളെ ആസ്പദമാക്കി കൂട്ടുകാരന് ഒരു കത്ത് തയ്യാറാക്കുക.

(ഒന്നരപ്പുറം സ്കോർ 8)

2. എഴുത്തുകാരന്റെ ബാല്യകാലാനുഭവങ്ങൾ കൃതികളെ തീർച്ചയായും സ്വാധീനിക്കും എന്നതിനു തെളിവാണ് പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്മാരക ശിലകൾ എന്ന നോവൽ. ഈ ചിന്തയുടെ അടിസ്ഥാനത്തിൽ പുനത്തിൽ കുഞ്ഞബ്ദുള്ളയുമായി നടത്താൻ ഉദ്ദേശിക്കുന്ന അഭിമുഖത്തിനാവശ്യമായ 6 ചോദ്യങ്ങൾ തയ്യാറാക്കുക.

(ഒരു പുറം സ്കോർ 6)

3. വസുധൈവകുടുംബകം എന്ന ആശയം പ്രതിഫലിപ്പിക്കുന്ന കവിതയാണ് ഒ എൻ വിയുടെ വീടുകൾ . ഈ പ്രസ്ഥാവനയെ സാധൂകരിക്കാൻ പോന്ന ഉദാഹരണങ്ങൾ കവിതയിൽ നിന്നും കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.

(ഒരു പുറം സ്കോർ 6)

4. പ്രഭാഷണ കലയിലെ നിത്യ വസന്തം എന്ന് ഡോ. സുകുമാർ അഴീക്കോടിനെ വിശേഷിപ്പിക്കാം. അദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് ഒരു പ്രമുഖ പത്രത്തിൽ പ്രസിദ്ധീകരിക്കാനാവശ്യമായ എഡിറ്റോറിയൽ (മുഖപ്രസംഗം) തയ്യാറാക്കേണ്ട ചുമതല നിങ്ങളിൽ നിക്ഷിപ്തമാണെന്നു സങ്കല്പിക്കുക. എങ്ങനെയാവും നിങ്ങളാ മുഖപ്രസംഗം തയ്യാറാക്കക.

(ഒന്നരപ്പുറം സ്കോർ 8)

5. ഇന്നത്തെ റ്റി വി റിയാൽറ്റി ഷോകൾ മായാമയന്മാരെ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ പ്രസ്ഥാവനയുടെ അടിസ്ഥാനത്തിൽ റിയാൽറ്റി ഷോകളും മലയാളികളും എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം തയ്യാറാക്കുക.

(ഒന്നരപ്പുറം സ്കോർ 8)

6. ലങ്കാലക്ഷ്മിയിലെ രാവണനും വിഭീഷണനും രണ്ടു പാരമ്പര്യങ്ങളുടെ പിൻ തുടർച്ചകളാണ്. നിങ്ങളുടെ വാദഗതികൾ കുറിക്കുക.

(ഒരു പുറം സ്കോർ 6)

7. എഴുത്തച്ഛന്റെ യുദ്ധവർണ്ണനയ്ക്ക് ഒരു ദൃക്സാക്ഷി വിവരണത്തിന്റെ സ്വഭാവമുണ്ട്. ബാലി വധത്തിൽ നിന്നും ഉദാഹരണങ്ങൾ കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.

(ഒരു പുറം സ്കോർ 6)

8. അറിയാത്തോർ തമ്മിലടി പിടികൾ......... അറിയാത്തോർ തമ്മിലയൽപക്കക്കാർ......... ഈ വരികളിലെ ആശയം സമകാലിക കേരളീയ ജീവിതത്തെ സൂചിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കവികൾ ക്രാന്ത ദർശികളാണ് എന്ന വാദത്തെ സാധൂകരിക്കുക.

(ഒരു പുറം സ്കോർ 6)

9. ഇല്ലായ്മകളുടെ കയ്പ്പു നിറഞ്ഞ ഓണാനുഭവമുള്ള എം ടി വാസുദേവൻ നായർ , ''എത്ര നിറങ്ങളാണ് എത്ര ഗന്ധങ്ങളാണ് എത്ര വിസ്മയങ്ങളാണ് തനിക്കു നഷ്ടപ്പെട്ടത്'' എന്ന് ദുഖിക്കുന്നു. പ്രതികരണക്കുറിപ്പു തയ്യാറാക്കുക.

(ഒരു പുറം സ്കോർ 6)

10. കീചകവധം കഥകളിയ്ക്ക് മുന്നോടിയായി അവതരിപ്പിക്കാനുള്ള ഒരു ആമുഖപ്രഭാഷണം തയ്യാറാക്കുക.

(ഒരു പുറം സ്കോർ 6)

11. മാമ്പഴക്കാലം എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

(ഒന്നരപ്പുറം സ്കോർ 8)

12. കോലാട് എന്ന കഥയെ ആസ്പദമാക്കി , സമകാലിക സമൂഹത്തിലെ സ്ത്രീയുടെ അവസ്ഥയെക്കുറിച്ച് ലേഖനം തയാറാക്കുക.

(ഒരു പുറം സ്കോർ 6)

-----------------തയാറാക്കിയത് തൊടുപുഴ ക്ലസ്റ്റർ------------------------